**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3247** **13-07-2022 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭൂമി തരം മാറ്റുന്നതിനുള്ള എത്ര അപേക്ഷകളാണ് തീർപ്പാക്കുവാൻ സാധിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 140753 ഓഫ് ലൈൻ അപേക്ഷകളും 1767 ഓൺലൈൻ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. 64487 ഓഫ് ലൈൻ അപേക്ഷകളും 98041 ഓൺലൈൻ അപേക്ഷകളും നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്നു. സംസ്ഥാനത്ത് 27 ആർഡിഒ ഓഫീസുകളിൽ, തലശ്ശേരി, കാസർഗോഡ്, തിരുവല്ല, അടൂർ, മാനന്തവാടി, നെടുമങ്ങാട്, ഇടുക്കി, ദേവികുളം എന്നീ 8 ആർഡിഒ ഓഫീസുകളിൽ തീർപ്പാക്കാനുള്ള ഓഫ് ലൈൻ അപേക്ഷകൾ ഓഗസ്റ്റ് മാസത്തിനകവും ബാക്കി വരുന്ന ആർഡിഒ ഓഫീസുകളിൽ ലഭിച്ചിട്ടുള്ള ഓഫ് ലൈൻ അപേക്ഷകൾ നവംബർ മാസത്തിനകവും തീർപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ